# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 31

19.03.2013 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയ്ക്ക് പലിശരഹിത വായ്പ നൽകുന്ന സഹകരണ മേഖലയുടെ പദ്ധതിക്ക് പൂർണ്ണരൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപ്പാക്കൽ സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകുന്ന പദ്ധതിയ്ക്ക് പൂർണ്ണ രൂപം നൽകിയിട്ടുണ്ട്.<br>കാർഷിക വായ്പയുടെ മുതൽ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പരമാവധി 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി നൽകേണ്ട പലിശ തുകയിൽ പരമാവധി 5% ൽ അധികരിക്കാത്ത തുക കർഷകർക്ക് അനുവദിക്കുന്നതിനാണ് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. ആയത് പ്രകാരം യഥാസമയം കാർഷിക വായ്പ തുക തിരികെ അടയ്ക്കുന്നവർക്ക് പലിശ നൽകേണ്ടതില്ലാത്തതിനാൽ ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിതമായിട്ടാണ് നൽകുന്നത്. |
| (ബി) മുൻവർഷങ്ങളിൽ വിവിധതരം കാർഷിക വായ്പകൾക്ക് സഹകരണ ബാങ്കുകൾ ഈടാക്കിയിരുന്ന പലിശ | (ബി) ഹ്രസ്വകാല കാർഷിക വായ്പകൾ 2006 ജൂലൈ മുതൽ 7% പലിശ നിരക്കിലാണ് വിതരണം ചെയ്തു വരുന്നത്. |

| | |
|---|---|
| നിരക്ക് എത്രയായിരുന്നെന്നും, പ്രതിവർഷം എന്തു തുക വായ്പ നൽകിയിരുന്നെന്നും വ്യക്തമാക്കുമോ; | 2006-07 മുതൽ 2012-13 (31.12.2012) വരെ സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്ത ആകെ കാർഷിക വായ്പകളെ സംബന്ധിച്ച വിവരം ചുവടെ പറയുന്നു.<br><br>തുക കോടിയിൽ |

| | |
|---|---|
| 2006-07 | : 2102.02 |
| 2007-08 | : 1813.56 |
| 2008-09 | : 3103.7 |
| 2009-10 | : 2248.54 |
| 2010-11 | : 2906.69 |
| 2011-12 | : 2665.47 |
| 2012-13 (31.12.2012) വരെ | : 2375.54 |

| | |
|---|---|
| (സി) സഹകരണ ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പയുടെ വിതരണം കാർഷിക വിഭവങ്ങളുടെ ഉൽപാദനത്തിൽ വരുത്തുന്ന വ്യതിയാനത്തെക്കുറിച്ച് വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) സഹകരണ ബാങ്കുകൾ മുഖേന ഹ്രസ്വകാല വിള വായ്പകളും, ദീർഘകാല കാർഷിക വായ്പകളും നൽകുന്നുണ്ട്. സഹകരണ ബാങ്കുകൾ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ മുഖേന കാർഷിക വിഭവങ്ങളുടെ ഉൽപാദനത്തിൽ വരുത്തുന്ന വ്യതിയാനത്തെക്കുറിച്ച് സഹകരണ വകുപ്പ് സംസ്ഥാന തലത്തിൽ വിലയിരുത്താറില്ല. എന്നാൽ സ്കെയിൽ ഓഫ് ഫിനാൻസ് പുതുക്കുന്ന വേളയിൽ ജില്ലാ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി, ഓരോ ജില്ലയെ സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താറുണ്ട്. ടി വിലയിരുത്തലിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ വിളയ്ക്കും നൽകേണ്ട പരമാവധി വായ്പ തുക നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ